# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **171/2026** തിരുവനന്തപുരം, തീയതി : **14/08/2026**

## പത്രക്കുറിപ്പ്

### കേരള സർവകലാശാല
### ബിരുദ (FYUGP) പ്രവേശനം 2026
### എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു
### കോളേജ് പ്രവേശനം ആഗസ്റ്റ് 17, 18 തീയതികളിൽ.

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള സപ്ലിമെന്ററി അലോട്ട്മെന്റ് വെബ്സൈറ്റിൽ (https://admissions.keralauniversity.ac.in/fyugp2026) പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റ് എന്ന ടാബ് ഉപയോഗിച്ച് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള പക്ഷം ഫീസ് അടച്ച് (നിലവിൽ യൂണിവേഴ്സിറ്റി ഫീ അടയ്ക്കാത്തവർ) അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്ത് അതിൽ പറഞ്ഞിരിക്കുന്ന തീയതിയിൽ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരാകേണ്ടതാണ്. ആഗസ്റ്റ് 17, 18 തീയതികളിലാണ് കോളേജ് പ്രവേശനം. കമ്മ്യൂണിറ്റി ക്വാട്ടയിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, ടി.സി എന്നിവ ഉൾപ്പെടെ എല്ലാ സർട്ടിഫിക്കറ്റുകളും ഹാജരാക്കേണ്ടതാണ്.

ജനറൽ/സപ്ലിമെന്ററി അലോട്ട്മെന്റ് ലഭിച്ച് അഡ്മിഷനിൽ തുടരുന്നവർ കമ്മ്യൂണിറ്റി ക്വാട്ടയിൽ ലഭിച്ച കോളേജിൽ തൃപ്തരല്ലെങ്കിൽ നിലവിലെ അഡ്മിഷനിൽ തന്നെ തുടരാവുന്നതാണ്.

അഡ്മിഷൻ ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും അപാർ (APAAR) ഐഡി നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ആയതിനാൽ നിലവിൽ അപാർ (APAAR) ഐഡി ഇല്ലാത്ത വിദ്യാർത്ഥികൾ അഡ്മിഷൻ തീയതിക്ക് മുൻപായി www.abc.gov.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് അപാർ (APAAR) ഐഡി ജനറേറ്റ് ചെയ്യേണ്ടതാണ്.

അലോട്ട്മെന്റ് സംബന്ധമായ മറ്റ് വിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് (https://admissions.keralauniversity.ac.in/fyugp2026) സന്ദർശിക്കുക. സംശയനിവാരണത്തിനായി 8281883052 എന്ന മൊബൈൽ നമ്പറിൽ ബന്ധപ്പെടുക.

## കേരള സർവകലാശാല
## ബിരുദ (FYUGP) പ്രവേശനം - 2026
## സ്പോർട്സ് ക്വാട്ട സീറ്റുകളിലേക്കുള്ള രണ്ടാം ഘട്ട റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.
## കോളേജിൽ ഹാജരാകേണ്ട തീയതി ആഗസ്റ്റ് 17 തിങ്കളാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് മുൻപ്.

കേരള സർവകലാശാല ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലെ സ്പോർട്സ് ക്വാട്ട സീറ്റുകളിലേയ്ക്കുള്ള രണ്ടാം ഘട്ട റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് "സ്പോർട്സ് ക്വാട്ട" എന്ന ടാബ് ഉപയോഗിച്ച് റാങ്ക് ലിസ്റ്റ് പരിശോധിക്കാവുന്നതാണ്. പ്രവേശനം ആഗ്രഹിക്കുന്ന സ്പോർട്സ് ക്വാട്ട റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ ആഗസ്റ്റ് 17 തിങ്കളാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് മുൻപായി എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും സഹിതം പ്രൊഫൈലിൽ വച്ചിട്ടുള്ള താല്പര്യമുള്ള കോളേജുകളിൽ ഹാജരാകേണ്ടതാണ്. ഉച്ചയ്ക്ക് 12.00 മണിക്ക് മുൻപായി ഹാജരാകുന്നവർക്ക് കോളേജ് തല റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ ആദ്യ പരിഗണന ലഭിക്കുന്നതാണ്. ആദ്യ ഘട്ട റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് ആദ്യ പരിഗണന ലഭിക്കുന്നതാണ്.

എല്ലാ കോളേജുകളിലും എല്ലാ കോഴ്സുകൾക്കും ഒരേ ഷെഡ്യൂൾ തന്നെയാണ് കൗൺസിലിംഗ് നടത്തുന്നത്. ആയതിനാൽ ഒന്നിൽ കൂടുതൽ കോളേജുകളുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് കൗൺസിലിങ്ങിൽ പങ്കെടുക്കാൻ രക്ഷകർത്താവ്/ പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താവുന്നതാണ്. രക്ഷകർത്താവ്/ പ്രതിനിധിയാണ് ഹാജരാകുന്നതെങ്കിൽ അപേക്ഷയുടെ പ്രിന്റൗട്ട്, വിദ്യാർത്ഥി ഒപ്പിട്ട authorization letter, മാർക്ക് ലിസ്റ്റുകളുടെ പകർപ്പ് എന്നിവ ഹാജരാക്കണം. വിശദവിവരങ്ങൾക്ക് https://admissions.keralauniversity.ac.in/fyugp2026 അഡ്മിഷൻ വെബ്സൈറ്റ് സന്ദർശിക്കുക. ഹെൽപ് ലൈൻ നമ്പർ: 8281883052.

## പി.ജി & എംടെക് (CSS) പ്രവേശനം 2026 - 2027
## സ്പോട്ട് അഡ്മിഷൻ

കേരള സർവകലാശാലയുടെ പഠന ഗവേഷണ വകുപ്പുകളിലെ 2026-2027 അധ്യയന വർഷത്തെ പിജി & എംടെക് (CSS) പ്രോഗ്രാമുകളിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 2026 ആഗസ്റ്റ് 20 ന് രാവിലെ 11.00 മണിക്ക് ബന്ധപ്പെട്ട പഠനവകുപ്പുകളിൽ നടക്കും.

സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ യോഗ്യതയും സംവരണവും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ രേഖകൾ സഹിതം നിശ്ചിത സമയത്ത് ബന്ധപ്പെട്ട പഠനവകുപ്പുകളിൽ ഹാജരാകേണ്ടതാണ്.

ഒഴിവുള്ള പ്രോഗ്രാമുകളുടെയും ഒഴിവുകളുടെ എണ്ണത്തിന്റെയും വിശദവിവരങ്ങൾക്ക് https://admissions.keralauniversity.ac.in/css2026/ എന്ന ലിങ്ക് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471-2308328, 9188524612, ഇ-മെയിൽ : csspghelp2026@gmail.com.

## പരീക്ഷാഫലം

കേരള സർവകലാശാല 2026 മാർച്ചിൽ വിജ്ഞാപനം ചെയ്ത ഒന്നാം സെമസ്റ്റർ ബിഎസ്‌സി ബോട്ടണി ആന്റ് ബയോടെക്നോളജി (247). ബിഎസ്‌സി ബയോടെക്നോളജി (മൾട്ടിമേജർ) 2(b) (350), ബിഎസ്‌സി ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (248). ബിവോക് സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് (351), ബിവോക് ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (352), ബിവോക് ഫുഡ് പ്രോസസ്സിംഗ് & മാനേജ്മെന്റ് (356) & ബിവോക് ഫുഡ് പ്രോസസ്സിംഗ് (359) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും 2026 ആഗസ്റ്റ് 24 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാല 2026 മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബിഎ ഇംഗ്ലീഷ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (133), ബിഎ ജേർണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ, ബിഎ മലയാളം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ, ബിപിഎ മ്യൂസിക്, ബിപിഎ മ്യൂസിക് (വീണ/വയലിൻ/മൃദംഗം/ഡാൻസ്), ബിപിഎ (വോക്കൽ/വീണ/ വയലിൻ/മൃദംഗം/ഡാൻസ്), ബികോം കോമേഴ്സ് ആന്റ് ടാക്സ് പ്രൊസീജിയർ & പ്രാക്ടീസ്, ബികോം കോമേഴ്സ് & ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് (സപ്ലിമെന്ററി - 2021 - 2023 അഡ്മിഷൻ, മേഴ്സിചാൻസ് - 2013 & 2017 - 2020 അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും 2026 ആഗസ്റ്റ് 24 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാല 2026 മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബിഎ ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ (സപ്ലിമെന്ററി - 2021 അഡ്മിഷൻ, മേഴ്സിചാൻസ് - 2013 - 2019 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 ആഗസ്റ്റ് 24 വരെ ഓഫ്‌ലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാല 2026 മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബികോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (138) (സപ്ലിമെന്ററി – 2020 - 2022 അഡ്മിഷൻ, മേഴ്സിചാൻസ് - 2013, 2017 - 2020 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യ നിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 ആഗസ്റ്റ് 24 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാല 2026 ജൂണിൽ നടത്തിയ പത്താം സെമസ്റ്റർ ബിഎഫ്എ (ഹിയറിംഗ് ഇംപയേർഡ്) (പെയിന്റിംഗ്, സ്കൾപ്ച്ചർ & അപ്ലൈഡ് ആർട്ട്) ബിരുദ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധന യ്ക്കും 2026 സെപ്റ്റംബർ 05 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ പരീക്ഷ തീയതി പുനഃക്രമീകരിച്ചു

കേരള സർവകലാശാല 2026 ഏപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ എംഎ മ്യൂസിക് (വോക്കൽ) പരീക്ഷയുടെ 2026 ആഗസ്റ്റ് 05 ന് നടത്താൻ നിശ്ചയിച്ചിരുന്ന പ്രാക്ടിക്കൽ പരീക്ഷ 2026 ആഗസ്റ്റ് 17 ന് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ഓണം അവധി

കേരള സർവകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളും/പഠനവിഭാഗങ്ങളും/സെന്ററുകളും ഓണം അവധിയ്ക്കായി 2026 ആഗസ്റ്റ് 21 ന് വൈകുന്നേരം അടയ്ക്കുന്നതും ഓണം അവധിയ്ക്കുശേഷം 2026 സെപ്റ്റംബർ 1 ന് രാവിലെ തുറന്ന് പ്രവർത്തനം ആരംഭിക്കുന്നതുമാണ്.

## ടൈംടേബിൾ

കേരള സർവകലാശാല 2026 സെപ്റ്റംബർ 15 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബിഎ/ബികോം/ബിബിഎ എൽഎൽബി ബിരുദ പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പിഎച്ച്.ഡി നൽകി

ശ്രീമതി. ബെനീറ്റ അക്ക ബെഞ്ചമിൻ, ശ്രീമതി. സംഗീത വി., ശ്രീമതി. രശ്മി സാലി കോശി **(ഇംഗ്ലീഷ്),** ശ്രീമതി. അതുല്യ എസ്. പാട്രിക്, ശ്രീമതി. ജയശ്രീ ജി. **(ഇക്കണോമിക്സ്),** ശ്രീമതി. ആദിത്യ എസ്. സുരേഷ് **(എൻവയോൺമെന്റൽ സയൻസസ്),** ശ്രീമതി. സീന എലിസബത്ത് ജോർജ്ജ്, ശ്രീമതി. ഗീതാഞ്ജലി സി.വി., ശ്രീമതി. ഷെറിൻ മോൾ സി.ബി., **(കെമിസ്ട്രി),** ശ്രീമതി. അരുണിമ അജയ്, ശ്രീമതി. ലക്ഷ്മി ജയമോഹൻ, ശ്രീ. രമേശ് ചന്ദ്രൻ ബി.ആർ., ശ്രീ. പ്രവീൺ കെ.എച്ച്., ശ്രീ. പ്രണവ് പി., ശ്രീമതി. പ്രിംസ ഐ.പി. **(ഫിസിക്സ്),** ശ്രീമതി. അഭിരാമി എസ്., ശ്രീമതി. ആദിത്യേ ആർ. നായർ **(ബയോകെമിസ്ട്രി),** ശ്രീ. വർഗ്ഗീസ് ജോർജ്ജ് **(സ്റ്റാറ്റിസ്റ്റിക്സ്),** ശ്രീമതി. സുനു രാജ് **(സുവോളജി),** ശ്രീ. അൻവിൻ കെ., ശ്രീമതി. അമ്മു എസ്., ശ്രീമതി. സോജു എൽ. ജോൺസൻ, ശ്രീമതി. ആതിര ജി. നായർ, ശ്രീ. അരുൺ വി. **(കൊമേഴ്സ്),** ശ്രീമതി. സലീന എസ്. **(മലയാളം),** ശ്രീ. ഹെർബെർത്ത് ആൻഡ്രൂ ഹൗലെ **(എഡ്യൂക്കേഷൻ),** ശ്രീ. വിനോദ് ജേക്കബ് **(ഫിസിക്കൽ എഡ്യൂക്കേഷൻ),** ശ്രീമതി. ആർഷ കെ., ശ്രീമതി. എൽ.വി. അശ്വനി ലാൽ **(ബോട്ടണി),** ശ്രീമതി. രമ്യ ബാബു ആർ. **(മൈക്രോബയോളജി),** ശ്രീമതി. പ്രതീഷ പി., ശ്രീ. നായർ ബീനു ബാബു **(മാനേജ്മെന്റ് സ്റ്റഡീസ്)** എന്നിവർക്ക് പിഎച്ച്.ഡി. നൽകികൊണ്ട് കേരള സർവകലാശാല 2026 ആഗസ്റ്റ് 13 ന് ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൽ തീരുമാനമായി.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**